പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 649 — 30.06.2016-ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളെ പദ്ധതിയിൽ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നുണ്ട്. ആയതുപ്രകാരം 53,136 പേർ അംഗത്വ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; | (ബി) തിരുവനന്തപുരം - 1889, കൊല്ലം - 985, പത്തനംതിട്ട – 2295, ആലപ്പുഴ – 2264, കോട്ടയം - 3686, ഇടുക്കി - 1152, എറണാകുളം - 8955, തൃശ്ശൂർ - 3841, മലപ്പുറം - 2584, പാലക്കാട് - 3303, കോഴിക്കോട് - 4685, കണ്ണൂർ - 6012, വയനാട് - 7181, കാസർഗോഡ് - 4304. |
| (സി) മുഴുവൻ അന്യസംസ്ഥാന തൊഴിലാളികളേയും രജിസ്റ്റർ ചെയ്ത് തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം സ്വമേധയാ ഇതര സംസ്ഥാന തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്. ഇവരുടെ ആരോഗ്യ സംരക്ഷണവും പൂർണ്ണമായ വിവരശേഖരണവും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ